യഥാസമയം സമർപ്പിക്കുന്നു. യു.പി.സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തൽ (കെട്ടിടനിർമ്മാണവും അദ്ധ്യാപകരുടെ ശമ്പളവും ഉൾപ്പെടെ), അദ്ധ്യാപകരുടെ പരിശീലനം, സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർഗ്രാന്റ്, പെൺകുട്ടികൾക്ക് കായികപരിശീലനം, പഠനത്തിന് പിന്നോക്കം നിൽക്കുന്ന ഒമ്പതാം ക്ലാസ്സിലെ കുട്ടികൾക്ക് പരിഹാരബോധനം, ജില്ലാതല പുസ്തകമേള, സയൻസ് മേള, ക്രാഫ്റ്റ് മേള, ജില്ലാതല-ഉപജില്ലാതല യുവജനോത്സവം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആർ.എം.എസ്.എ. പദ്ധതിയിൽ മതിയായ അദ്ധ്യാപകരില്ലാത്തത്**

71 (7039) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തിയ സ്കൂളുകളിൽ മതിയായ അദ്ധ്യാപകരില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഡി.പി.ഐ.യെയും ബന്ധപ്പെട്ട ഡി.ഡി.ഇ.മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആർ.എം.എസ്.എ. കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഹൈസ്ക്കൂളുകൾ**

72 (7039) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പുതിയ ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇനിയും ഹൈസ്കൂളുകൾ ലഭിക്കുന്നതിലേക്കായി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണുള്ളത് ; ഇത് ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 112 യു.പി.സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly